**അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ: എച്ച് 2/4575/12

തൈയ്ക്കാട്, തിരുവനന്തപുരം

തീയതി: 01/05/12

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - സർട്ടിഫിക്കറ്റ് തയ്യാറാക്കൽ - പൊതുമാനദണ്ഡം - സംബന്ധിച്ച്.

* * * * * *

ഈ വകുപ്പിൽ നിന്ന് നൽകുന്ന കംപ്യൂട്ടർ പ്രിന്റ് പ്രൊവിഷണൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഒഴിച്ചുള്ള എല്ലാ സർട്ടിഫിക്കറ്റുകളും അതത് ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർ തയ്യാറാക്കി ഈ കാര്യാലയത്തിലേക്ക് അയക്ക്കുകയും ആയത് പരിശോധിച്ച് ബഹു. ഡയറക്ടർ / എസ്.സി.വി.റ്റി. സെക്രട്ടറി/എൻ.സി.വി.റ്റി സെക്രട്ടറി ഒപ്പു ചാർത്തി അതതു പ്രിൻസിപ്പാൾമാർ വഴി വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. പ്രിൻസിപ്പാൾമാർ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ ട്രേഡ് ടെസ്റ്റ് നടന്ന മാസം പലരും പലരീതിയിലാണ് സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തുന്നത് എന്നു കാണുന്നു. ഉദാ: ഫെബ്രുവരി അവസാനം ആരംഭിച്ച് മാർച്ച് ആദ്യം അവസാനിക്കുന്ന പരീക്ഷയുടെ സർട്ടിഫിക്കറ്റിൽ പരീക്ഷ നടന്ന മാസം ചിലർ ഫെബ്രുവരി മാസം എന്നും ചിലർ മാർച്ച് മാസം എന്നും രേഖപ്പെടുത്തി കാണുന്നു. ഒരേ പരീക്ഷയുടെ സർട്ടിഫിക്കറ്റിൽ ഇപ്രകാരം വ്യത്യസ്തമായി മാസം രേഖപ്പെടുത്തുന്നത് അഭിലഷണീയമല്ലാത്തതിനാൽ ഇതിന് ഒരു ഐകരൂപ്യം ഉണ്ടാകേണ്ടത് ആവശ്യമാണെന്നു കാണുന്നു.

ആയതിനാൽ ഇനിമുതൽ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ പരീക്ഷ ആരംഭിച്ച മാസമാണ് സർട്ടിഫിക്കറ്റിൽ പരീക്ഷയുടെ മാസമായി രേഖപ്പെടുത്തേണ്ടത് എന്നു തീരുമാനിച്ചിരിക്കുന്നു.

സർട്ടിഫിക്കറ്റ് തയ്യാറാക്കുന്ന അവസരത്തിൽ ഗവൺമെന്റ് പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും ട്രെയിനിംഗ് ഓഫീസർമാരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഇനിയുണ്ടാകുന്ന വീഴ്ചകൾ ഗൗരവമായി വീക്ഷിക്കുന്നതായിരിക്കും.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

**എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും**
**നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ**
**അവരവരുടെ കീഴിലുള്ള പ്രൈവറ്റ് ഐ.ടി.ഐ.കളിൽ ഈ**
**ചുറ്ററിയിപ്പിന്റെ പകർപ്പ് ഉടൻ എത്തിച്ച് രസീത് വാങ്ങേണ്ടതാണ്.**

പകർപ്പ്:

CA to DT, CA to ADT,
DDT, DSA, TTO, SS(G),
SS(H), H1, H3, H4, SF (H2)

SP/08/05